5

# പരിശുദ്ധാത്മാവിലുള്ള സ്നാനം

*"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ വലിയവൻ, ആകുന്നു; അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും. വീശുമുറം അവന്റെ കയ്യിലുണ്ട്, അവൻ കളത്തെ മുറ്റും വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കൂട്ടി വെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും" (മത്തായി 3:11, 12).*

"പരിശുദ്ധാത്മാവ് കൊണ്ടുള്ള സ്നാനം എന്ന ആശയം അഞ്ചു പ്രാവശ്യമെ ബൈബിളിൽ കാണുന്നുള്ളു: മത്തായി 3:11; മർക്കൊസ് 1:8; ലൂക്കൊസ് 3:16; പ്രവൃത്തികൾ 1:4; 11:16 ലുമാണത്. പുതിയ നിയമത്തിൽ അതു രണ്ട് പ്രാവശ്യം പ്രയോഗിച്ചതായേ കാണുന്നുള്ളു: അപ്പൊസ്തലന്മാരുടെ സ്നാനത്തിലും (പ്രവൃത്തികൾ 1:4, 5) പിന്നെ കൊർന്നെല്യോസിലും, അവന്റെ ഭവനക്കാരിലും (പ്രവൃത്തികൾ 11:15, 16) പരിശുദ്ധാത്മസ്നാനം വളരെ വിരളമായി മാത്രം കാണപ്പെട്ടിട്ടും അതു ഇന്ന് എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണെന്ന് ചിലർ ശഠിക്കുന്നുണ്ട്.

പരിശുദ്ധാത്മാവ് നടത്തുന്ന സ്നാനത്തെ കുറിച്ച് ബൈബിൾ സംസാരിക്കുന്നില്ല.[1] പരിശുദ്ധാത്മാവിലുള്ള സ്നാനം നടത്തിയത് യേശുവായിരുന്നു എന്ന് മത്തായി 3:11 ലെ യോഹന്നാന്റെ വാക്കുകളിൽനിന്നു വ്യക്തമാണ്: "... അവൻ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം ഏല്പിക്കും ..." യോഹന്നാന്റെ സ്നാനത്തിൽ വെള്ളം മൂലകമായിരുന്നുവെങ്കിൽ (മത്തായി 3:16), യേശു സ്നാനപ്പെടുത്തുമെന്ന് പറഞ്ഞത് പരിശുദ്ധാത്മവിലായിരുന്നു (അതായത്, "നിമഞ്ജനം ചെയ്യുക" "അല്ലെങ്കിൽ മുക്കുക"). പരിശുദ്ധാത്മാവ് സ്നാനപ്പെടുത്തുമെന്ന് പറയുന്നവർ മനസിലാക്കേണ്ടത്, പരിശുദ്ധാത്മാവല്ല, മറിച്ച് യേശുവാണ് സ്നാനപ്പെടുത്തിയത് എന്നതാണ്.

പരിശുദ്ധാത്മാവിലുള്ള സ്നാനത്തെ കുറിച്ച് ആദ്യം പറഞ്ഞത് - വെള്ളത്തിൽ സ്നാനപ്പെടുത്തിയ - യോഹന്നാനാണ്. താനുമായി താരതമ്യം ചെയ്യുമ്പോൾ യേശു എത്ര വലിയവനാണ് എന്ന് പറയുമ്പോഴായിരുന്നു യോഹന്നാൻ ആ വിഷയം സംസാരിച്ചത്.

ലൂക്കൊസ് 3:16 ലെ യോഹന്നാന്റെ പദപ്രയോഗം നിമിത്തമാകാം എല്ലാവരും പരിശുദ്ധാത്മാവിലുള്ള സ്നാനം പ്രതീക്ഷിക്കണം എന്ന് ചിലർ കരുതുന്നത്. "ഞാൻ നിങ്ങളെ വെള്ളംകൊണ്ട് സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു, അവൻ നിങ്ങളെ *പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും."* (എംഫസിസ് മൈൻ.)

അത്തരം തീർച്ചപ്പെടുത്തലിൽ രണ്ട് ചോദ്യങ്ങൾ ഉയരാം: "ആരെക്കുറിച്ചായിരുന്നു യോഹന്നാൻ സംസാരിച്ചത്?" പിന്നെ "ആ തീർപ്പ് മറ്റു വേദഭാഗങ്ങളുമായി എങ്ങനെ യോജിക്കും?" ആദ്യത്തെ ചോദ്യത്തിന് ഉത്തരം

നൽകുവാനായി യോഹന്നാന്റെ പ്രസ്താവനയുടെ പശ്ചാത്തലം പരിഗണിക്കണം.

യോഹന്നാനെ കുറിച്ച് ലൂക്കൊസ് എഴുതി, ''അവനാൽ സ്നാനം ഏല്പാൻ വന്ന പുരുഷാരത്തോട് അവൻ പറഞ്ഞത്, 'സർപ്പസന്തതികളേ വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചുതന്നതു ആർ?'" (ലൂക്കൊസ് 3:7). അതേ സന്ദർഭത്തിൽ തന്നെ ലൂക്കൊസ് എഴുതി, "എന്നാൽ 'ഞങ്ങൾ എന്തു ചെയ്യേണം?' എന്നു പുരുഷാരം അവനോടു ചോദിച്ചു" (ലൂക്കൊസ് 3:10). "യോഹന്നാൻ എല്ലാവരോടും ഉത്തരം പറഞ്ഞത്, '... അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും'" (ലൂക്കൊസ് 3:16).

പുരുഷാരത്തിൽ ''സർപ്പസന്തതികളുണ്ടായിരുന്നു" (ലൂക്കൊസ് 3:7), അവരിൽ പരീശന്മാരും സദൂക്യരും ഉൾപ്പെട്ടിരുന്നു (മത്തായി 3:7) അവർ യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ വന്നവരായിരുന്നു. അവർ മാനസാന്തരപ്പെടാത്തതുകൊണ്ട് അവരെ "തീയിലേക്ക് തള്ളിക്കളയും" (മത്തായി 3:8–10). പുരുഷാരത്തിൽ, പരിശുദ്ധാത്മാവ് ലഭിക്കാത്തവർ ചിലർ തീർച്ചയായും ഉണ്ടാകും (യോഹന്നാൻ 14:17). "അവൻ എല്ലാവരേയും പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കും" എന്ന് യോഹന്നാൻ പറഞ്ഞില്ല. അവൻ അവരോട് പറഞ്ഞു, ''അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും."

ഒരു കമ്പനിയിൽ ഏതാനും ഒഴിവുണ്ടെന്ന് കേട്ട് ധാരാളം ഉദ്യോഗാർത്ഥികൾ അപേക്ഷിപ്പാനായി കമ്പനി പ്രതിനിധിയുടെ അടുത്ത് വന്നതിനോട് യോഹന്നാന്റെ പ്രസ്താവന താരതമ്യം ചെയ്യാം. ആ പ്രതിനിധി ബിൽ ജോൺസിനെ പരിചയപ്പെടുത്തി വന്നു ചേർന്ന എല്ലാവരോടുമായി ഇങ്ങനെ പറഞ്ഞേക്കാം, "ഇതു ബിൽ ജോൺസ്, നിങ്ങളെ ശമ്പളത്തിന് നിയമിക്കുന്ന ആളാണ്." അതിനർത്ഥം വന്നു ചേർന്ന എല്ലാവരേയും ശമ്പളത്തിനാക്കും എന്നല്ല, എന്നാൽ ശമ്പളത്തിന് ആളെ എടുക്കുന്ന വിവരം വന്നു ചേർന്ന "എല്ലാവരെയും" ധരിപ്പിക്കയായിരുന്നു. ഫലത്തിൽ യോഹന്നാൻ ചെയ്തതു: അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്ന വലിയ വ്യക്തിയെ പരിചയപ്പെടുത്തുകയായിരുന്നു. യേശു അവരെ എല്ലാവരെയും പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും എന്നല്ല പറഞ്ഞത്. മറ്റു തിരുവെഴുത്തുകൾ പരിശോധിച്ചാൽ ആരെയാണ് പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നത് എന്ന് പ്രത്യേകമായി പറയുന്നതു കാണാം.

## പരിശുദ്ധാത്മസ്നാനം വാഗ്ദാനം ചെയ്യുകയും നിറവേറുകയും ചെയ്തു

പ്രവൃത്തികൾ 1:5-ൽ യേശു പരിശുദ്ധാത്മസ്നാനം വാഗ്ദാനം ചെയ്തത് ആർക്കായിരുന്നു? യേശു അവിടെ ഉപയോഗിച്ച സർവ്വനാമം പരിശോധിച്ചാൽ സന്ദർഭത്തിൽ അത് അപ്പൊസ്തലന്മാരെയാണ് ഉദ്ദേശിച്ചത് എന്ന് സ്പഷ്ടം. അപ്പൊസ്തലന്മാരെ മാത്രമാണ് അവിടെ പറഞ്ഞിരിക്കുന്നത് എന്നതിനു ഊന്നൽ കൊടുക്കുവാൻ ഓരോ സർവ്വനാമത്തോടുകൂടെ അപ്പൊസ്തലന്മാർ എന്ന പദപ്രയോഗം താഴെ ഉപയോഗിച്ചിരിക്കുന്നു.

... അവൻ കഷ്ടം അനുഭവിച്ച ശേഷം നാല്പതുനാളോളം അവർക്ക്

> [അപ്പൊസ്തലന്മാർക്ക്] പ്രത്യക്ഷമായി. ... ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് [അപ്പൊസ്തലന്മാർക്ക്] കാണിച്ചുകൊടുത്തു. അങ്ങനെ അവൻ അവരുമായി [അപ്പൊസ്തലന്മാർ] കൂടിയിരിക്കുമ്പോൾ അവരോട് [അപ്പൊസ്തലന്മാരോട്] നിങ്ങൾ യെരുശലേം വിട്ടു വാങ്ങിപോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം. ... യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. "നിങ്ങൾക്കോ [അപ്പൊസ്തലന്മാർക്ക് ] 'ഇനി' ഏറെ നാൽ കഴിയുംമുമ്പ് പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും എന്നു കല്പിച്ചു" (പ്രവൃത്തികൾ 1:2-5).

വാക്യം 2 ന്റെ ആരംഭം നോക്കിയാൽ "അവർ" എന്നതും "അവരോട്" എന്നും പറഞ്ഞ സർവ്വനാമങ്ങൾ ഉപയോഗിച്ചിരിക്കുന്നത് "അപ്പൊസ്തലന്മാരെ" കുറിച്ചാണ് എന്ന് മനസിലാകും.

### പരിശുദ്ധാത്മസ്നാനവും അപ്പൊസ്തലന്മാരും

"ഏറെ നാൾ കഴിയും മുമ്പെ" (പ്രവൃത്തികൾ 1:5) എന്ന യേശുവിന്റെ വാഗ്ദാനശേഷം അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. താഴെ കൊടുത്തിരിക്കുന്ന തെളിവുകൾ സൂചിപ്പിക്കുന്നത് പരിശുദ്ധാത്മാവ് (പ്രവൃത്തികൾ 2:4) അപ്പൊസ്തലന്മാർക്ക് മാത്രമെ ലഭിച്ചുള്ളു എന്നാണ്.

1. പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തത് അപ്പൊസ്തലന്മാർക്കായിരുന്നു.

2 പ്രവൃത്തികൾ 1 അവസാനിപ്പിക്കുന്നത് അപ്പൊസ്തലന്മാരെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. മഥിയാസിനെ കുറിച്ച് ലൂക്കൊസ് എഴുതി, "... അവനെ പതിനൊന്നു അപ്പൊസ്തലന്മാരോടുകൂടെ എണ്ണപ്പെടുകയും ചെയ്തു" (പ്രവൃത്തികൾ 1:26). ലൂക്കൊസ് പിന്നെ പറഞ്ഞു, "*അവർ* എല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂടിയിരുന്നു ... എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" (പ്രവൃത്തികൾ 2:1-4; എംഫസിസ് മൈൻ). വീണ്ടും അവിടെ ഉപയോഗിച്ച "അവർ" എന്ന സർവ്വനാമം അവസാനം ഉപയോഗിച്ച "അപ്പൊസ്തലന്മാർ" എന്ന നാമത്തിനു പകരമാണ്.

3. അന്യഭാഷകളിൽ സംസാരിച്ചവർ ''ഗലീലക്കാർ'' ആയിരുന്നു (പ്രവൃത്തികൾ 2:7). അന്ന് അവിടെ "ആകാശത്തിൻകീഴുള്ള സകലജാതികളിൽ" നിന്നുള്ളവരും യെരുശലേമിൽ വന്നു പാർക്കുന്നവരുമുണ്ടായിരുന്ന "പുരുഷാരത്തിന്" ആയിരുന്നില്ല പരിശുദ്ധാത്മാവ് ലഭിച്ചത് എന്നു വ്യക്തം (പ്രവൃത്തികൾ 2:5; കൂടാതെ വാ.8-11).

4. അപ്പൊസ്തലന്മാരായിരുന്നു പരിശുദ്ധാത്മാവ് നിറഞ്ഞവരും അന്യഭാഷകളിൽ സംസാരിച്ചതും, അതുകൊണ്ട് അന്നു ശ്രദ്ധാകേന്ദ്രം അവരായിരുന്നു. "അപ്പോൾ പത്രൊസ് പതിനൊന്നുപേരോടുകൂടെ നിന്നുകൊണ്ട് അവരോട് പറഞ്ഞത്: '... നിങ്ങൾ ഊഹിക്കുന്നതുപോലെ അവർ ലഹരി പിടിച്ചവരല്ല ...'" (പ്രവൃത്തികൾ 2:14, 15). സംസാരിച്ചവരെയാണ് ലഹരിപിടിച്ചവർ എന്ന് കുറ്റപ്പെടുത്തിയത്, പരിശുദ്ധാത്മാവ് ലഭിച്ചവരായിരുന്നു സംസാരിച്ചത്. കുറ്റപ്പെടുത്തപ്പെട്ട, പതിനൊന്നുപേരോടുകൂടെ നിന്നു പത്രൊസ് പറഞ്ഞു, "ഈ പുരുഷന്മാർ ലഹരി പിടിച്ചവരല്ല." ഈ തെളിവും അപ്പൊസ്തലന്മാർക്ക്

മാത്രമെ പരിശുദ്ധാത്മസ്നാനം ലഭിച്ചിരുന്നുള്ളു എന്ന് വ്യക്തമാക്കുന്നു.

5. പത്രൊസ് പ്രഖ്യാപിച്ചു, "ഈ യേശുവിനെ ദൈവം ഉയർപ്പിച്ചതിന് ഞങ്ങൾ സാക്ഷികളാകുന്നു" (പ്രവൃത്തികൾ 2:32). അപ്പൊസ്തലന്മാരായിരുന്നു യേശുവിന്റെ ഉയർപ്പിന് പ്രത്യേകസാക്ഷികളായി തീർന്നത് (പ്രവൃത്തികൾ 1:22; 4:33; 10:39–42; 13:31; കൂടാതെ 1:3 ഉം നോക്കുക).

6. പുരുഷാരത്തെ സംബോധന ചെയ്തതു അപ്പൊസ്തലന്മാരായിരുന്നു, അപ്പൊസ്തലന്മാരായിരുന്നു പുരുഷാരത്തോട് സംസാരിച്ചത് എന്ന് അതു വ്യക്തമാക്കുന്നു. "ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ട് പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും 'സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു'? എന്നു ചോദിച്ചു" (പ്രവൃത്തികൾ 2:37).

7. അപ്പൊസ്തലന്മാർ ആളുകളുടെ ഉപദേഷ്ടാക്കന്മാരായിരുന്നു (പ്രവൃത്തികൾ 2:42) ആത്മാവിനാൽ അവർക്ക് ദൈവത്തിന്റെ വചനം നൽകിയതാണെന്നും സൂചിപ്പിക്കുന്നു (യോഹന്നാൻ 14:26).

8. ആത്മാവ് അപ്പൊസ്തലന്മാരിൽ വന്നതിനെതുടുർന്ന് അവർ അത്ഭുതങ്ങളും അടയാളങ്ങളും നടത്തി. യേശു പ്രവൃത്തികൾ 1:8-ൽ വാഗ്ദാനം ചെയ്ത ശക്തിപ്രകടനം, കുറേ നാളത്തേക്ക്, അപ്പൊസ്തലന്മാരിൽ മാത്രമാണുണ്ടായിരുന്നത്.

> അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു (പ്രവൃത്തികൾ 2:43).

> അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം പറഞ്ഞുവന്നു (പ്രവൃത്തികൾ 4:33).

> അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു (പ്രവൃത്തികൾ 5:12).

പരിശുദ്ധാത്മസ്നാനം ഏറ്റവർ പുരുഷാരമോ അല്ലെങ്കിൽ പ്രവൃത്തികൾ 1:15 ലെ 120 പേരോ അല്ല എന്ന് തെളിവുകൾ വ്യക്തമാക്കുന്നു. യേശു അപ്പൊസ്തലന്മാർക്ക് മാത്രമാണ് പരിശുദ്ധാത്മ സ്നാനം വാഗ്ദാനം ചേയ്തത്, പെന്തെകൊസ്തുനാളിൽ അവർക്ക് മാത്രമാണ് പരിശുദ്ധാത്മസ്നാനം ലഭിച്ചതും.

## പരിശുദ്ധാത്മസ്നാനവും ജാതിയിൽനിന്നുള്ള ആദ്യ ക്രിസ്ത്യാനിയും

പരിശുദ്ധാത്മസ്നാനം പുതിയനിയമത്തിൽ രണ്ടു പ്രാവശ്യമാണ് നൽകിയിരിക്കുന്നത്. ആദ്യം, അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിൽ സ്നാനം ഏറ്റു. വർഷങ്ങൾക്ക് ശേഷം, സംഭവിച്ചത് പത്രൊസിനെ ആദ്യം സംഭവിച്ച കാര്യം അവനെക്കൊണ്ട് ചിന്തിപ്പിച്ചു (പ്രവൃത്തികൾ 11:14–16) അതു കൊർന്നെല്യോസിനും അവന്റെ സ്നേഹിതർക്കും സംഭവിച്ചതുമായി താരതമ്യം ചെയ്യുവാൻ അവനെ പ്രേരിപ്പിച്ചു. പെന്തെകൊസ്തുനാളിൽ അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മസ്നാനം ലഭിച്ചതിനുശേഷം മറ്റൊരു യെഹൂദനും ലഭിച്ചിട്ടില്ല.

ഏതാനും വർഷങ്ങൾക്ക് ശേഷം, പത്രൊസ് ആ രണ്ടാമത്തെ സംഭവത്തെ കുറിച്ച് പത്രൊസ് പറഞ്ഞു - ജാതിയിൽപെട്ട ആദ്യപരിവർത്തകൻ പരിശുദ്ധാത്മാവിൽ സ്നാനം ഏറ്റപ്പോൾ - ജാതികളെ പരിഛേദനകൂടാതെ സ്വീകരിക്കുന്നു എന്ന് യെഹൂദന്മാരെ ബോധ്യപ്പെടുത്തുവാനായിരുന്നു അത് (പ്രവൃത്തികൾ 15:7-9). അതുപോലെ കൊർന്നെല്യോസിന്റെ ഭവനക്കാർക്ക് പരിശുദ്ധാത്മ സ്നാനം ഏറ്റശേഷം ജാതിയിൽപെട്ട മറ്റാർക്കും പരിശുദ്ധാത്മസ്നാനം ലഭിച്ചിട്ടില്ല.

ജാതികൾക്ക് സൗജന്യമായി രക്ഷ നൽകുന്ന പദ്ധതി മനുഷ്യന്റെ തീരുമാനമായിരുന്നില്ല, ദൈവത്തിന്റെ തിരഞ്ഞെടുപ്പായിരുന്നു. സാധാരണ നടപടിക്രമം ലംഘിച്ച് അവൻ അസാധാരണമായ ചിലത് ചെയ്തു. കൊർന്നെല്യോസിന്റെ ഭവനക്കാർ പരിവർത്തനം ചെയ്തപ്പോൾ അവരിൽ വസിക്കേണ്ടതിന് പരിശുദ്ധാത്മാവിനെ നൽകുക മാത്രമല്ല (പ്രവൃത്തികൾ 10:47; കൂടാതെ പ്രവൃത്തികൾ 2:38), എന്നാൽ അവൻ അതിന് അപ്പുറം പോയി. അവർ പരിവർത്തനം ചെയ്യുന്നതിനു മുൻപുതന്നെ, ക്രിസ്ത്യാനിത്വത്തിന്റെ ആരംഭത്തിൽ അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മ സ്നാനം നൽകിയതുപോലെ അവൻ അവരെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിച്ചു (പ്രവൃത്തികൾ 10:44; 11:15). അവർ പാപമോചനത്തിന് സ്നാനം ഏല്ക്കുന്നതിന് മുൻപ് യെഹൂദ ക്രിസ്ത്യാനികളെ അമ്പരപ്പിച്ചുകൊണ്ടാണ് അവൻ ഇത് ചെയ്തത്. അപ്പൊസ്തലന്മാർക്ക് ആദ്യം പരിശുദ്ധാത്മ സ്നാനം നൽകിയശേഷം, ആർക്കെങ്കിലും സ്നാനത്തിന് മുൻപ് ആത്മാവിനെ നൽകുന്നത് ഇപ്പോഴാണ്. കൂടാതെ ആപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മസ്നാനം ലഭിച്ചശേഷം മറ്റാർക്കെങ്കിലും അത് ലഭിക്കുന്നത് കൊർന്നേല്യോസിന്റെ ഭവനത്തിലാണ്.[2]

വെള്ളത്തിൽ സ്നാനം ഏല്ക്കുന്നതിന് മുൻപ് യേശുവിന് പോലും ആത്മാവ് നൽകപ്പെട്ടിരുന്നില്ല (മത്തായി 3:16, 17). അപ്പൊസ്തലന്മാർക്ക് ആദിയിൽ ലഭിച്ചതുപോലെ പരിശുദ്ധാത്മസ്നാനം, കൊർന്നെല്യൊസിന്റെ ഭവനത്തിലുള്ളവർക്കും, ഒരുപക്ഷെ അപ്പൊസ്തലനായിരുന്ന പൗലൊസിനും ലഭിച്ചിരിക്കാം (പ്രവൃത്തികൾ 2:38; 8:14-18; 19:5, 6). അതു ഒരു നിയമം ആയിട്ടല്ല, ഒഴികഴിവായിട്ടായിരുന്നു അതെന്ന് കൊർന്നെല്യോസിന്റെ ഭവനക്കാർക്ക് ബോധ്യമായിരുന്നു. ജി. ആർ. ബെസ്ലേ-മുറേ എന്ന അറിയപ്പെട്ട ഒരു പണ്ഡിതൻ അതിനെ ശരിയായി നിരീക്ഷിച്ചു, "സ്നാനം കൂടാതെയുള്ള പരിശുദ്ധാത്മ ദാനം നൽകൽ, പ്രത്യേക സാഹചര്യത്തിൽ ദൈവിക ഇടപെടൽ നിമിത്തമുണ്ടായതാണ്. പരിഛേദനയും യാഗവും കൊണ്ട് അശുദ്ധി നീക്കം ചെയ്യാതെ, ജാതികളെയും സ്വീകരിക്കാമെന്ന ഉപദേശമാണ് ([പ്രവൃത്തികൾ] 11:18)."[3]

ആ ഒഴികഴിവ് ഉപയോഗിച്ചുകൊണ്ട് ജാതികൾക്കും രക്ഷ നൽകുന്നു എന്ന് ദൈവം തെളിയിച്ചു. അസാധാരണ സംഭവമായ പരിശുദ്ധാത്മസ്നാനം ഒരു അടയാളമായി ഉപയോഗിച്ചു, യെഹൂദന്മാരുടെ മനോഭാവം നിമിത്തം ആയിരുന്നു അതു വേണ്ടിവന്നത്. കൊർന്നെല്യോസിന്റെ ഭവനത്തിലെ പരിവർത്തനത്തിനു മുൻപ്, പത്രൊസും മറ്റു യെഹൂദന്മാരും വിചാരിച്ചത് ജാതികളുമായി ഒരു സംസർഗവുമരുത് എന്നാണ്. അവൻ പറഞ്ഞു, "അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും അവനുമായി പെരുമാറ്റം ചെയ്യുന്നതും യെഹൂദന്നു നിഷിദ്ധം എന്നു നിങ്ങൾ അറിയുന്നുവല്ലൊ" (പ്രവൃത്തികൾ 10:28).

ജാതികളുമായി ബന്ധപ്പെടുന്നതിന് അവർ പരിച്ഛേദന കഴിക്കണമെന്നാണ് യെഹൂദന്മാർ ശഠിച്ചിരുന്നത് (പ്രവൃത്തികൾ 11:3). ജാതികൾ രക്ഷക്ക് അയോഗ്യരാണ് എന്നായിരുന്നു യെഹൂദന്മാർക്കിടയിലെ ചിന്ത. അതുകൊണ്ട്, യെഹൂദക്രിസ്ത്യാനികൾ യെഹൂദന്മാരോട് മാത്രം പ്രസംഗിച്ചുകൊണ്ടിരുന്നു (പ്രവൃത്തികൾ 11:19). യെഹൂദന്മാരെപോലെ ജാതികളെയും അവൻ സ്വീകരിക്കുമെന്ന് ദൈവം അടയാളത്തിൽകൂടെ കാണിച്ചുകൊടുത്തു.

ജാതികളെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തിക്കൊണ്ട്, ദൈവം പത്രൊസിനും ആദ്യസഭയ്ക്കും നാലു പ്രസ്താവനകൾ നൽകി: (1) യെഹൂദക്രിസ്ത്യാനികൾക്ക് ജാതികളുമായി സംസർഗം പുലർത്താം; (2) ജാതികൾ രക്ഷിക്കപ്പെടുവാൻ വെള്ളത്തിൽ സ്നാനം ഏറ്റാൽ അവർക്ക് ക്രിസ്ത്യാനികളാകാം; (3) അവർക്ക് അതു പരിച്ഛേദന കൂടാതെ ചെയ്യാം, അതായത്, യെഹൂദനാകാതെ തന്നെ; (4) ജാതികളിൽനിന്നു പരിവർത്തനം ചെയ്യപ്പെടുന്നവരെ രണ്ടാം-കിട ക്രിസ്ത്യാനികളായി കാണരുത്, യെഹൂദക്രിസ്ത്യാനികളെപോലെ അവരെയും സഹോദരന്മാരായി കാണണം. അപ്പൊസ്തലന്മാർക്ക് ഒഴിച്ച് മറ്റാർക്കും നൽകാതിരുന്ന പരിശുദ്ധാത്മസ്നാനം ജാതികൾക്ക് ദൈവം നൽകിക്കൊണ്ട്, ജാതികളിൽനിന്നു പരിവർത്തനം ചെയ്യുന്നവർ ഒരിക്കലും തരം താഴ്ന്നവരല്ല എന്ന് കാണിച്ചുകൊടുത്തു.

അവർക്ക് സാധാരണരീതിയിൽ പരിശുദ്ധാത്മാവിനെ നൽകിയിരുന്നുവെങ്കിൽ, അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു[4] എന്നതിന് ബാഹ്യമായ അടയാളം തെളിവായി ലഭിക്കുമായിരുന്നില്ല. ദൈവമാണ് തിരഞ്ഞെടുപ്പ് നടത്തുന്നതെന്ന് അവിതർക്കിതമായി തെളിയിക്കേണ്ടത് ആവശ്യമായിരുന്നു. മറ്റു സംഭവങ്ങളിലെന്നപോലെ അപ്പൊസ്തലന്മാരുടെ കയ്യാൽ ആത്മാവിന്റെ ദൃശ്യമായ അടയാളം കാണിച്ചുകൊടുക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 8:14–18; 19:6). പിന്നെ തിരഞ്ഞെടുപ്പ് ദൈവത്തിന്റേതല്ല, മനുഷ്യന്റേതാണെന്നും തെളിയിച്ചു.

മിസ്രയിമിൽ അവൻ അത്ഭുതം ചെയ്തപ്പോൾ, പ്രകൃതി നിയമങ്ങളിൽ ഒഴികഴിവ് വരുത്തിയതുപോലെ ഇവിടെയും ഒഴികഴിവ് നടത്തി. (പുറപ്പാട് 10:2) അതുപോലെ യേശു തന്നെ തിരിച്ചറിയേണ്ടതിന് അത്ഭുതങ്ങളും അടയാളങ്ങളും നടത്തി (യോഹന്നാൻ 20:30, 31). കൊർന്നെല്യോസിന്റെ ഭവനത്തിൽ വെച്ച് ദൈവം പ്രദർശിപ്പിച്ചതു തെളിയിക്കുന്നത് സുവിശേഷം മുഖാന്തരം ജാതികൾക്ക് പാപമോചനം ലഭിക്കുവാൻ പത്രൊസ് അല്ല ദൈവമാണ് കാരണം എന്നത്രെ. ജാതികളെ രക്ഷക്കും ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാകുന്നതിനും അവരെ സ്വീകരിക്കുന്നത് ദൈവമാണെന്ന് പരിശുദ്ധാത്മസ്നാനം നടത്തി ദൈവം പത്രൊസിന്ന് തെളിയിച്ചുകൊടുത്തു. അവരെ യെഹൂദക്രിസ്ത്യാനികൾക്ക് തുല്യരായി കാണേണ്ടിയിരുന്നു. രസകരമായ തുടർസംഭവങ്ങളിൽകൂടെയാണ് ഈ തീർപ്പിലേക്ക് പത്രൊസിനെ എത്തിച്ചത്. ആദ്യം, ഒരു ദർശനത്തിൽ ദൈവം പത്രൊസിന് പലരീതിയിലുള്ള ജന്തുക്കളെയും മൃഗങ്ങളേയും കാണിച്ചുകൊണ്ട് അറുത്തു തിന്നുക എന്നു മൂന്നു പ്രാവശ്യം പറഞ്ഞു (പ്രവൃത്തികൾ 10:16). അവൻ ആ ദർശനത്തെ കുറിച്ച് ചിന്തിച്ചിരിക്കുമ്പോൾ, "ശങ്ക കൂടാതെ" ജാതികളോടുകൂടെ പോക എന്നു ആത്മാവ് പത്രൊസിനോട് പറഞ്ഞു (പ്രവൃത്തികൾ 10:20). പിന്നെ, അവൻ "ഒരു മനുഷ്യനേയും മലിനനോ, അശുദ്ധനോ എന്ന് പറയരുതെന്ന്, പത്രൊസ് തീർച്ചയാക്കി" (പ്രവൃത്തികൾ 10:28). ഈ വസ്തുതകളുടെ അടിസ്ഥാന

ത്തിൽ, അവൻ ജാതികളുമായി ബന്ധപ്പെടുവാൻ തുടങ്ങി. കൂടാതെ, "ഏതു ജാതിയിലും, ദൈവത്തെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ, അവൻ അംഗീകരിക്കുന്നു എന്ന് ഞാൻ ഗ്രഹിക്കുന്നു" എന്ന് അവൻ പറഞ്ഞു (പ്രവർത്തികൾ 10:35).

ഇത്രയും നടന്നിട്ടുപോലും, പത്രൊസിന്ന് വീണ്ടും തെളിവുകൾ വേണ്ടി വന്നു. ജാതികൾ സാധാരണക്കാരും, അശുദ്ധരും ആണെന്ന് ചിന്തിക്കുന്നതുനിർത്തുക മാത്രമല്ല, അവർക്ക് രക്ഷ എത്തിക്കുവാനും അവരെ സഹോദരന്മാരായി അംഗീകരിപ്പാനും തുടങ്ങി. ജാതികളും രക്ഷക്കു യോഗ്യരാണെന്ന് പത്രൊസിനേയും മറ്റു യെഹൂദ വിശ്വാസികളേയും ബോധ്യപ്പെടുത്തുവാൻ വേറൊരു അത്ഭുതവും ആവശ്യമായിരുന്നു. അങ്ങനെ പരിശുദ്ധാത്മസ്നാനത്തിന്റെ ശക്തിയാൽ, ജാതികൾക്ക് അന്യഭാഷയിൽ സംസാരിപ്പാനുള്ള ശക്തിയും നൽകി. പിന്നെ പത്രൊസ് ചോദിച്ചു, "'നമ്മെപോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്ക് കഴിയും?'" (പ്രവൃത്തികൾ 10:47). അവൻ അർത്ഥമാക്കിയതു വ്യക്തമാണ്: ദൈവം തിരഞ്ഞെടുത്തതിനെ നിരസിപ്പാൻ മനുഷ്യന് സാധ്യമല്ല.

ഗാരെത്ത് എൽ. റീസ് ശരിയായ നിരീക്ഷണം നടത്തി, "പെന്തെകൊസ്തുനാളിൽ അപ്പൊസ്തലന്മാരുടെമേൽ പകർന്നതുപോലെയാണ് കൊർന്നെല്യോസിന്റെ ഭവനത്തിൽ സംഭവിച്ചത് എന്ന് പൗലൊസ് തിരിച്ചറിഞ്ഞു."[5] പത്രൊസ് തീർച്ചയാക്കി, "ആകയാൽ കർത്താവായ യേശുവിൽ വിശ്വസിച്ചവരായ നമുക്ക് തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?" (പ്രവൃത്തികൾ 11:17). തീർച്ചയായും, ജാതികളെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തി മനുഷ്യരല്ല, ദൈവമാണ് തിരഞ്ഞെടുക്കുന്നതു എന്ന് പത്രൊസിന് തെളിയിച്ചുകൊടുത്തു. പത്രൊസിനും യെഹൂദവിശ്വാസികൾക്കും മാത്രമല്ല, ഇതു തെളിവായത്, പിൻതലമുറകൾക്കും അതൊരു തെളിവായി തീർന്നു. ദൈവം അത് ഒരിക്കൽ തെളിയിച്ചു - പിന്നെ അത് ഒരിക്കലും വീണ്ടും തെളിയിക്കേണ്ട ആവശ്യമില്ല - അവൻ ജാതികളെ പരിഛേദനകൂടാതെ, ന്യായപ്രമാണം പാലിക്കാതെ തന്നെ സ്വീകരിക്കും (പ്രവൃത്തികൾ 11:3; 15:1, 7–9).

പ്രവൃത്തികൾ 11 ലെ പത്രൊസിന്റെ പ്രസ്താവനയെ ഫ്രെഡറിക് ഡെയിൽ ബ്രൂണർ എഴുതി, "ആദിയിൽ എന്നപോലെ" പരിശുദ്ധാത്മാവ് [കൊർന്നെല്യോസിന്റെ] ഭവനത്തിലുള്ളവരുടെമേൽ വന്നു (വാ.15). ആ അഭിപ്രായം പ്രാധാന്യമുള്ളതാണ്. ദൈവം "എല്ലാവർക്കും നൽകുന്നതുപോലെ" കൊർന്നെല്യോസിന്റെ ഭവനത്തിലും നൽകി എന്നല്ല പത്രൊസ് പറഞ്ഞത്.[6]

അന്തർലീനമാക്കിയത് വ്യക്തമാണ്. പെന്തെകൊസ്തുനാളിനുശേഷം അവൻ നാളിതുവരെയും ആരെയും പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തിയിരുന്നില്ല (പൗലൊസിനെ കൂട്ടാതെ). "ആദിയിൽ" എന്നു പറഞ്ഞിരിക്കുന്നത് അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചാണ്; അന്നു മുതൽ കൊർന്നെല്യോസിന്റെ ഭവനത്തിൽ നടക്കുന്നതുവരെ മറ്റാരെയും ആ വിധത്തിൽ സ്നാനപ്പെടുത്തിയിരുന്നില്ല. ആദ്യം യെഹൂദന്മാർക്ക് ക്രിസ്ത്യാനികളാകുന്നതിന് വാതിൽ തുറന്നുകൊടുത്തതുപോലെ അവസാനം ജാതികൾക്ക് ക്രിസ്ത്യാനികളാകുവാൻ വാതിൽ തുറന്നുകൊടുക്കുകയായിരുന്നു. തന്നോടടുക്കുന്ന ജാതികൾക്കും യെഹുദന്മാർക്കും ഒരേ രീതിയാണുള്ളതെന്ന് ദൈവം തെളിയിച്ചു.

പരിഛേദന ഏല്ക്കാതെ ജാതികളിൽനിന്നു ക്രിസ്ത്യാനികളായി തീർന്ന വരെ കുറിച്ചുള്ള ചോദ്യങ്ങൾക്കുത്തരമായി, വർഷങ്ങൾക്ക് ശേഷം പത്രൊസ് ഈ സംഭവം എടുത്തു പറയുന്നുണ്ട്. അവൻ പറഞ്ഞു, "സഹോദരന്മാരേ, കുറെ നാൾ മുമ്പെ, ദൈവം നിങ്ങളിൽ വെച്ച് ഞാൻ മുഖാന്തരം ജാതികൾ സുവിശേഷവചനം കേട്ടു വിശ്വസിക്കേണം എന്നു നിശ്ചയിച്ചത് നിങ്ങൾ അറിയുന്നുവല്ലൊ. ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്ക് തന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടു സാക്ഷിനിന്നു വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ വിശുദ്ധീകരിച്ചതിനാൽ നമുക്കും അവർക്കും തമ്മിൽ ഒരു വ്യത്യാസവും വെച്ചിട്ടില്ല" (പ്രവൃത്തികൾ 15:7, 8). പരിശുദ്ധാത്മസ്നാനം ഒരു തുടർസംഭവമല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

മറ്റൊരു വസ്തുത സ്പഷ്ടമായിതീരുന്നു. പാപമോചനത്തിന് ദൈവം യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും ആവശ്യപ്പെടുന്നത് ഒന്നു തന്നെയാണ്. പത്രൊസ് കൊർന്നെല്യോസിനോട് പറഞ്ഞതു രക്ഷിക്കപ്പെടുവാനുള്ള വാക്കുകളത്രെ (പ്രവൃത്തികൾ 11:14). പത്രൊസ് പരിശുദ്ധാത്മാവിനെ കുറിച്ച് ഒന്നും പറഞ്ഞില്ല, പക്ഷെ കൊർന്നേല്യോസിനോട് വിശ്വസിക്കുവാനും, സ്നാനമേൽക്കുവാനുമാണ് പറഞ്ഞത് (പ്രവൃത്തികൾ 10:43, 47, 48). ഈ പ്രവൃത്തികൾ നമ്മിൽ രക്ഷ കൊണ്ടുവരുന്നു എന്നാണ് ക്രിസ്തു പറഞ്ഞത്: "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 16:16). പത്രൊസ് യെഹൂദന്മാരോട് പറഞ്ഞു, " ഓരോരുത്തൻ മാനസാന്തരപ്പെട്ടു ... നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" (പ്രവൃത്തികൾ 2:38). അതുപോലെ അവൻ "അവരെ [ജാതികളെ] യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുവാൻ കല്പിച്ചു" (പ്രവൃത്തികൾ 10:48). വെള്ളത്തിലുള്ള സ്നാനത്തിന് പകരമല്ല പരിശുദ്ധാത്മാവിലുള്ള സ്നാനം, മറിച്ച്, പത്രൊസ് കൊർന്നെല്യോസിനോടും അവന്റെ ഭവനത്തിലുള്ളവരോടും വെള്ളത്തിൽ സ്നാനം ഏല്ക്കുവാൻ കല്പിക്കുകയായിരുന്നു (പ്രവൃത്തികൾ 10:43, 47, 48).

രക്ഷയെ കാണിക്കുന്ന ദാനമായിരുന്നില്ല പരിശുദ്ധാത്മാവിനാലുള്ള സ്നാനം. അപ്പൊസ്തലന്മാരെ പെന്തെകൊസ്തുനാളിൽ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിച്ചത് (പ്രവൃത്തികൾ 1:4, 5; 2:4), രക്ഷക്കായിരുന്നില്ല, അവർക്ക് ശക്തി ലഭിക്കേണ്ടതിനായിരുന്നു (പ്രവൃത്തികൾ 1:8). വെള്ളത്തിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്ന യോഹന്നാന് അമ്മയുടെ ഉദരത്തിൽ വെച്ച് പരിശുദ്ധാത്മാവ് നല്കപ്പെട്ടിരുന്നു (ലുക്കൊസ് 1:15). അത് അവന്റെ രക്ഷക്കുവേണ്ടിയായിരുന്നില്ല, ദൈവം അവനെ ഒരു പ്രത്യേക ദൗത്യത്തിനായി തിരഞ്ഞെടുത്തിരിക്കുന്നു എന്ന് കാണിക്കേണ്ടതിനായിരുന്നു. രക്ഷ പ്രാപിക്കേണ്ടതിന് ആർക്കെങ്കിലും പരിശുദ്ധാത്മാവിനെ നൽകിയതായി പുതിയനിയമത്തിൽ ഒരു സൂചന പോലുമില്ല. പരിശുദ്ധാത്മാവിനെ നൽകുന്നത് മക്കളായി തീരുന്നവർക്കാണ് ഗലാത്യർ (ഗലാത്യർ 4:6), അല്ലാതെ ദൈവമക്കളാക്കുന്നതിനു വേണ്ടിയല്ല.

ജാതികളും ദൈവവചനം കൈക്കൊണ്ടു എന്നു യെഹൂദ്യയിലെ ക്രിസ്ത്യാനികൾ കേട്ടു (പ്രവൃത്തികൾ 11:1). പെന്തെകൊസ്തുനാളിൽ മൂവായിരം യെഹൂദന്മാർ വചനം കേട്ടു പ്രതികരിച്ചതുപോലെയാണ് ജാതികളും വചനം കേട്ടു പ്രതികരിച്ചു കൈക്കൊണ്ടത്: "പിന്നെ, അവന്റെ വാക്ക്

കൈക്കൊണ്ടവർ സ്നാനം ഏറ്റു" (പ്രവൃത്തികൾ 2:41). അവർ സന്തോഷത്തോടെ കൈക്കൊണ്ട വചനം പത്രൊസിന്റെ പ്രസ്താവനയായിരുന്നു: "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളുടെ പാപമോചനത്തിനായി സ്നാനം ഏല്പിൻ" (പ്രവൃത്തികൾ 2:38). ജാതികളും പത്രൊസിൽ നിന്നു കൈക്കൊണ്ടത് അതേ സന്ദേശമായിരുന്നു.

താഴെ പറയുന്ന രീതിയിലായിരുന്നു അവർ രക്ഷിക്കപ്പെട്ടത്: അവർ വചനം കേട്ടു, യേശുവിൽ വിശ്വസിച്ചു, മാനസാന്തരപ്പെട്ടു, സ്നാനമേൽക്കുകയും ചെയ്തു. മറ്റു വേദഭാഗങ്ങളും ഇതേ രീതി തന്നെയാണ് പറയുന്നത് (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; 22:16; കൊലൊസ്യർ 2:12, 13; 1 പത്രൊസ് 3:21). പരിശുദ്ധാത്മാവിൽ സ്നാനമേറ്റതായിരുന്നു ജാതികളിൽ നടന്ന പ്രത്യേകത.

ജാതികളെ ആദ്യം പരിശുദ്ധാത്മാവുകൊണ്ട് സ്നാനപ്പെടുത്തി ജാതികളെയും താൻ സ്വീകരിക്കുമെന്ന് ദൈവം കാണിച്ചുകൊടുത്തു. കൂടാതെ പാപമോചനം ലഭിക്കുന്നതിന് ജാതികൾക്കും ഒഴികഴിവില്ല എന്നും ദൈവം കാണിച്ചുകൊടുത്തു. (ജാതികളിൽനിന്നു പരിവർത്തനം ചെയ്യുന്നവരേയും താൻ സ്വീകരിക്കുന്നു എന്ന് പരിശുദ്ധാത്മസ്നാനത്താൽ തെളിയിച്ചതു മാത്രമാണ് പ്രത്യേകത). അവർ സുവിശേഷം കേൾക്കയും (പ്രവൃത്തികൾ 15:7), ആ വചനം മുഖാന്തരം രക്ഷിക്കപ്പെടുകയും വേണമായിരുന്നു (പ്രവൃത്തികൾ 11:14; റോമർ 1:16; എഫെസ്യർ 1:13). അവർ രക്ഷിക്കപ്പെട്ടു എന്നു കാണിക്കുവാനല്ല അവർക്ക് പരിശുദ്ധാത്മാവിനെ നൽകിയത്, മറിച്ച് സുവിശേഷം മുഖാന്തരം അവർക്കും രക്ഷ നൽകും എന്ന് കാണിക്കേണ്ടതിനായിരുന്നു (പ്രവവൃത്തികൾ 15:7–9). കൊർന്നെല്യോസിന്റെ കാര്യത്തിൽ, ദൈവം പൊതുവായ നിയമത്തിൽനിന്ന് മാറി (യോഹന്നാൻ 14:17), അതു പത്രൊസല്ല, ദൈവമാണ് ജാതികൾക്ക് രക്ഷക്കുള്ള വാതിൽ തുറന്നുകൊടുക്കുന്നത് എന്ന് തെളിയിക്കുവാനായിരുന്നു.

ജാതികളിൽനിന്ന് ആദ്യം പരിവർത്തനം ചെയ്തവരിൽകൂടെ, സകല ദേശത്തുമുള്ള ആളുകൾക്ക് വചനപ്രകാരം ജലസ്നാനം സ്വീകരിച്ചാൽ രക്ഷയുണ്ടെന്ന് ദൈവം കാണിച്ചുകൊടുക്കുകയായിരുന്നു. ജാതികൾക്ക് രക്ഷക്കുള്ള വാതിൽ തുറന്നുകൊടുത്തുകൊണ്ട്, സ്നാനം രക്ഷക്ക് ആവശ്യമില്ല എന്നല്ല, മറിച്ച് സ്നാനം രക്ഷക്ക് അത്യന്താപേക്ഷിതമാണെന്ന് വരുത്തിയിരിക്കുകയാണ് (പ്രവൃത്തികൾ 10:47, 48).

### പുതിയനിയമം കല്പിച്ചിരിക്കുന്നത് ഏകസ്നാനം

പല സ്നാനത്തെ കുറിച്ച് പുതിയനിയമത്തിൽ പറയുന്നുണ്ടെങ്കിലും, പൊതുവിൽ എല്ലാവർക്കുമായി എഫെസ്യർ 4:5 ൽ പൗലൊസ് പറഞ്ഞിരിക്കുന്നത് ഏക സ്നാനമാണ്. എഫെസൊസിൽ, യോഹന്നാന്റെ സ്നാനം കാലഹരണപ്പെട്ടതായി പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 19:1–5). മോശെയോടു ചേരുവാൻ യിസ്രായേൽ ഏറ്റ സ്നാനം (1 കൊരിന്ത്യർ 10:2) തീർച്ചയായും ഇന്നുള്ള ജനത്തിനല്ല. കഷ്ടത എന്ന സ്നാനം യേശു ഏറ്റു കഴിഞ്ഞതാണ് (ലൂക്കൊസ് 12:50; കൂടാതെ മർക്കൊസ് 10:38, 39). തീയിൽ ശിക്ഷിക്കുന്ന സ്നാനം ഭാവിയിൽ നടക്കുവാനിരിക്കുന്നതാണ് (മത്തായി 3:10–12). ഈ സ്നാനങ്ങളിൽ ഒന്നുമല്ല പൗലൊസ് പറഞ്ഞ സ്നാനം. ആളുകൾ പൊതുവിൽ ഏല്ക്കേണ്ടത് ജലസ്നാനമാണ് (മത്തായി 28:19) കാരണം

അതാണ് ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനം. ജലസ്നാനത്താൽ എല്ലാവരും ഒന്നായി തീരുന്നു (ഗലാത്യർ 3:27, 28). പൗലൊസ് ഈ ലേഖനം എഴുതുമ്പോൾ നിലനിൽക്കുന്ന സ്നാനം ജലസ്നാനമാണ്.

**പരിശുദ്ധാത്മാവിലുള്ള സ്നാനം അല്ല**

1 കൊരിന്ത്യർ 12:13 ലെ "നാമെല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും" എന്ന പൗലൊസിന്റെ പ്രസ്താവന നിമിത്തം, എഫെസ്യർ 4:5-ൽ പറയുന്ന ഏക സ്നാനം പരിശുദ്ധാത്മസ്നാനം ആണെന്ന് ചിലർ വിശ്വസിക്കുന്നു. ബ്രൂണർ ചൂണ്ടിക്കാണിച്ചിരിക്കുന്നു,

> പകരം, രണ്ടാമത്, വേറിട്ട ഒന്നായ പരിശുദ്ധാത്മാവിലുള്ള സ്നാനമായി ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനത്തിനപ്പുറമായ ആ വാക്യത്തെ വ്യാഖ്യാനിച്ചാൽ, അപ്പോൾ ലംഘിചക്കപ്പെടുന്നത് ആ സന്ദർഭത്തിലെ വാക്കുകൾ മാത്രമല്ല - "എല്ലാം ... എല്ലാം" ആണ് - എന്നാൽ കൊരൃന്ത്യയിലെ സന്ദർഭോദ്ദേശം ആണ് നോക്കേണ്ടത്. കൊര്യന്ത്യരോടുള്ള പൗലൊസിന്റെ സന്ദേശത്തിലെ ഉദ്ദേശം ക്രിസ്തുയേശുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുന്നവരെല്ലാവരും ഒന്നായിരിക്കണം എന്നാണ്.[7]

സ്നാനത്തെ കുറിച്ച് വ്യക്തമായ ഒരു പഠനം നടത്തിക്കഴിഞ്ഞാൽ, 1 കൊരിന്ത്യർ 12:13 ലെ ഏക സ്നാനത്തെ കുറിച്ച് മനസിലാകും:

> ഏകശരീരത്തോട് ചേർക്കുവാനാണ് *എല്ലാ* വിശ്വാസികളും ഈ സ്നാനം ഏല്ക്കുന്നത് എന്നാണ് പൗലൊസ് പറഞ്ഞത്. *എല്ലാ* ക്രിസ്ത്യാനികളും ഈ സ്നാനം ഏറ്റവരാണ് എന്നാണ് ഇതിൽ അന്തർലീനമായിരിക്കുന്നത്; അതുകൊണ്ട്, അവർ ഏതു വർഗത്തിലുള്ളവരായാലും, പശ്ചാത്തലം എന്തായാലും, നിലവാരം എന്തായാലും എല്ലാവരും ഏകശരീരമായി തീരുന്നു. ഒരു പ്രത്യേക കൂട്ടം ആളുകൾക്ക് മാത്രമാണ് പരിശുദ്ധാത്മ സ്നാനം എങ്കിൽ, പിന്നെ പൗലൊസ് പറയുന്നവിധത്തിൽ എല്ലാവരും ആത്മാവിൽ സ്നാനം ഏറ്റു ഏകശരീരമായി തീർന്നിട്ടില്ല എന്നതാണ് വാദം.
> പ്രവൃത്തികളുടെ പുസ്തകമനുസരിച്ച് എല്ലാ വിശ്വാസികളും ഏൽക്കേണ്ട സ്നാനം ജലസ്നാനമാണ്, എന്നാൽ പരിശുദ്ധാത്മസ്നാനം വളരെ പരിമിതമായ ആളുകൾക്ക് മാത്രമുള്ളതായിരുന്നു. ആകയാൽ 1കൊരിന്ത്യർ 12:13 അർത്ഥമാക്കുന്നത് ജലസ്നാനത്താൽ, ഏകാത്മാവിനാൽ എല്ലാവരേയും ആ ഏകശരീരത്തോട് ചേർക്കുന്നു എന്നതാണ്. പരിശുദ്ധാത്മാവിനാലുള്ള സ്നാനത്താൽ എല്ലാവരേയും ഏകശരീരത്തോടു ചേർക്കുന്നു എന്നത് പ്രവൃത്തികളുടെ പുസ്തകത്തിലെ ചരിത്രവിവരണങ്ങളോട് യോജിക്കുന്നതല്ല.[8]

പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന പരിശുദ്ധാത്മ സ്നാനം അത്ഭുത ശക്തി/ദൈവികവെളിപ്പാട് എന്നിവയുമായി ബന്ധപ്പെട്ടതാണ് അല്ലാതെ വ്യക്തികളിൽ വസിക്കുന്നതുമായി ബന്ധപ്പെട്ടതല്ല. അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന്നു അവർ "പിതാവ് വാഗ്ദാനം ചെയ്തതിനായി, കാത്തിരിക്കണമായിരുന്നു യേശു അപ്പൊസ്തലന്മാരോട്," "അതു" "എന്നോട് കേട്ട

താണെന്നും" പറഞ്ഞു (പ്രവൃത്തികൾ 1:4). യേശു സൂചിപ്പിച്ച പ്രസ്താവന മത്തായി 10:19, 20; യോഹന്നാൻ 14:17, 26; 15:26; 16:7-15; 20:22 എന്നീ വേദഭാഗങ്ങളിൽ കാണാം. അവൻ ആ വാഗ്ദാനങ്ങൾ അപ്പൊസ്തലന്മാർക്ക് മാത്രം നല്കിയതാണ്.

അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് വരുമ്പോൾ രണ്ട് വാഗ്ദാനങ്ങൾ നിറവേറണമായിരുന്നു: സകല സത്യത്തിലും ദൈവികമായ നടത്തിപ്പും (യോഹന്നാൻ 14:26; 16:13) ശക്തിയും (പ്രവൃത്തികൾ 1:8). പരിശുദ്ധാത്മ സ്നാനം എല്ലായ്പോഴും ഇവയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഇഷ്ടക്കനുസരിച്ചായിരുന്നു വിവിധ അത്ഭുതവരങ്ങൾ പ്രവർത്തിച്ചിരുന്നത് (1 കൊരിന്ത്യർ 12:11; എബ്രായർ 2:4). കൊർന്നെല്യോസും അവന്റെ ഭവനക്കാരും പരിശുദ്ധാത്മാവിൽ സ്നാനം ഏറ്റെങ്കിലും (പ്രവൃത്തികൾ 11:15, 16), അവർക്ക് അപ്പൊസ്തലന്മാരുടെ അതേ വരങ്ങൾ നൽകിയിരുന്നില്ല. (അപ്പൊസ്തലത്വത്തിന്റെ അടയാളമായി അവർക്ക് പ്രത്യേക വരങ്ങൾ നൽകിയിരുന്നു; 2 കൊരിന്ത്യർ 12:12). അതുപോലെ അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴി നടത്തിയതുപോലെ കൊർന്നെല്യോസിനേയും ഭവനക്കാരെയും വഴി നടത്തിയില്ല.

### തീയിലുള്ള സ്നാനം അല്ല

പരിശുദ്ധാത്മ സ്നാനത്തോടുകൂടെ തീയിലുള്ള സ്നാനവും പറഞ്ഞിരുന്നെങ്കിലും അത് അപ്പോൾ സംഭവിച്ചില്ല. തീയിൽ സ്നാനമേൽക്കുന്നവർ യേശുവിനാൽ തീയിൽ ശിക്ഷിക്കപ്പെടുന്നവർക്കുള്ളതാണ് (മത്തായി 3:12).

ജാക്ക് ലൂയിസ് പറഞ്ഞു,

> കർമ്മപദത്തിന്റെ വിഭക്തിയിൽ, ഗതിയുടെ രണ്ടു കർമ്മപദങ്ങളുടെ അടിസ്ഥാനത്തിൽ, അതിനു മുമ്പെ വരുന്ന ഗതിയുമായുള്ള ബന്ധത്തിൽ, യോഹന്നാൻ സംസാരിക്കുന്നത് രണ്ടു മൂലകങ്ങൾ അടങ്ങുന്ന ഒരു പ്രവൃത്തിയാണെന്ന വാദം ഇടക്കിടക്ക് ഉണ്ടാകാറുണ്ട്. വ്യാകരണസംബന്ധമായി ആ വാദഗതിക്ക് ചിലതു പറയുവാൻ കഴിയും, ആ പ്രകടനത്തിന് മുമ്പും പിമ്പും രണ്ട് വ്യത്യസ്ത കാര്യങ്ങൾ സന്ദർഭത്തിൽ വൈപരീത്യമുളവാക്കും. വാക്യം 10-ൽ പറയുന്ന "തീ" ഫലം കായ്ക്കാത്ത വൃക്ഷം ചുട്ടുകളയുന്നതിനെ സൂചിപ്പിക്കുന്നു, വാക്യം 12-ൽ പതിർ ചുട്ടുകളയുന്നതിനെയാണ് പറയുന്നത്. മദ്ധ്യ പ്രകടനത്തിൽ, വാക്ക് മാറ്റി അവതരിപ്പിക്കുന്നത് അസംഭവ്യമായതുകൊണ്ട്, അഗ്നിനരകം എന്നു പറഞ്ഞിരിക്കുന്നത് - തീ പൊയ്കയായി (വെളിപ്പാട് 20:15) - കാണണം. അപ്പോൾ, ഇവിടെ പറഞ്ഞിരിക്കുന്ന തീ, ആലങ്കാരിക ന്യായവിധി ആണ്, അല്ലാതെ പരിശുദ്ധാത്മാവല്ല. പെന്തെകൊസ്തുനാളിലെ അഗ്നിജ്വാലയെ ഇതുമായി ബന്ധപ്പെടുത്തി ഉപയോഗിക്കാറുണ്ട്, പക്ഷെ അത് ആലങ്കാരികമായ താരതമ്യമേ ആകുന്നുള്ളു - "അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ" (പ്രവൃത്തികൾ 2:3) - അല്ലാതെ അത് തീയല്ല.[9]

തീയാലുള്ള സ്നാനം ആഗ്രഹിക്കുന്നതിനുപകരം നാം അതിൽനിന്ന് രക്ഷപ്പെടുവാനാണ് ആഗ്രഹിക്കേണ്ടത്. സാധാരണ "തീ" ശിക്ഷയെയാണ് സൂചിപ്പിക്കുന്നത് (മത്തായി 3:10; 5:22; 7:19; 13:40, 42, 50; 18:8, 9; 25:41).

അപ്പൊസ്തലന്മാരെ "പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുമെന്ന്" കർത്താവ് പറഞ്ഞപ്പോൾ (പ്രവൃത്തികൾ 1:5) അവൻ "തീയുടെ" കാര്യം പറഞ്ഞില്ല. യേശു പറഞ്ഞ പരിശുദ്ധാത്മസ്നാനത്തെ കുറിച്ച് പത്രൊസ് പറഞ്ഞപ്പോൾ അവനും "തീ" യുടെ കാര്യം പറഞ്ഞില്ല (പ്രവൃത്തികൾ 11:15, 16). അതു കൊണ്ട് നാമും എഫെസ്യർ 4:5 ലെ "ഏകസ്നാന" ത്തോടുകൂടെയോ അല്ലെങ്കിൽ പരിശുദ്ധാത്മസ്നാനത്തോടുകൂടെയോ തീ ചേർക്കേണ്ടതില്ല.

**വെള്ളത്തിലുള്ള സ്നാനം**

ഒരു വേദഭാഗത്തിൽ മനുഷ്യർനടത്തുന്ന സ്നാനത്തെ കുറിച്ചു പറഞ്ഞിരിക്കുന്നതെല്ലാം വെള്ളത്തിലുള്ള സ്നാനമാണെന്നാണ്, പൊതുവിലുള്ള നിയമം. പരിശുദ്ധാത്മസ്നാനത്തിൽ, സ്നാനം നടത്തുന്നത് ദൈവമാണ്. പുതിയനിയമത്തിൽ "സ്നാനം" എന്ന വാക്ക് മറ്റു വിശേഷണങ്ങൾ കൂടാതെ പറഞ്ഞിരിക്കുന്നതെല്ലാം വെള്ളത്തിലുള്ള സ്നാനമാണ്.

ആൽബ്രെറ്റ് ഒയേക്കേ "സ്നാന" ത്തിന്റെ നിർവ്വചനത്തിൽ ഈ ആശയം പറഞ്ഞു, "... സന്ദർഭം മറ്റൊരുവിധത്തിൽ പറയുന്നില്ലെങ്കിൽ, പുതിയനിയമത്തിൽ സ്നാനം എന്നു പറയുന്നതെല്ലാം വെള്ളത്തിലുള്ള സ്നാനമാണ്. സ്നാനം എന്ന വാക്ക് സാങ്കേതികമായി അർത്ഥമാക്കുന്നത് 'വെള്ളത്തിൽ മുങ്ങുക' എന്നാണ്. അതുകൊണ്ട് പ്രത്യേക മാദ്ധ്യമം ആവശ്യമില്ല."[10]

ഈ പാഠത്തിന് ശേഷം വരുന്ന "പരിശുദ്ധാത്മാവിലുള്ള സ്നാനവും വെള്ളത്തിലുള്ള സ്നാനവും ഒരു താരതമ്യം" എന്ന ചാർട്ട് നോക്കുക, അതിൽ അവ രണ്ടും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിയിട്ടുണ്ട്. ചാർട്ടിലെ വിവരങ്ങളധികവും വിശദീകരണം കൂടാതെ മനസിലാക്കാവുന്നതാണ്. എങ്ങനെയായാലും, അതിന്റെ ഫലങ്ങളെ കുറിച്ച് അല്പം കൂടെ പറയുന്നത് നന്നായിരിക്കും (ലിസ്റ്റിലെ നമ്പർ 10 നോക്കുക). പരിശുദ്ധാത്മസ്നാനത്താൽ ജാതികളോ യെഹൂദ ക്രിസ്ത്യാനികളോ അപ്പൊസ്തലന്മാരായില്ല അല്ലെങ്കിൽ ദൈവമക്കളുമായില്ല. പരിവർത്തനം ചെയ്തവരെല്ലാം ഒരേ രീതിയിലാണ് ദൈവമക്കളായി തീർന്നത്, അത് വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനത്താലത്രെ (യോഹന്നാൻ 3:5; റോമർ 6:4; ഗലാത്യർ 3:26, 27; കൊലൊസ്യർ 2:12, 13).

**ഉപസംഹാരം**

തന്റെ പ്രത്യേക പ്രതിനിധികളാകേണ്ടതിന് തയ്യാറാക്കുന്നതിന് യേശുവാണ് അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തിയത്. ആ സ്നാനവുമായുള്ള ബന്ധത്തിൽ അവർ അവന്റെ വചനം എടുത്ത് ഉപയോഗിക്കേണ്ട അപ്പൊസ്തലന്മാരാകുവാൻ അവരെ ശക്തരാക്കി (2 കൊരിന്ത്യർ 12:12). ആദ്യം അപ്പൊസ്തലന്മർക്ക് മാത്രം കൊടുത്ത പരിശുദ്ധാത്മസ്നാനം ജാതികൾക്ക് കൊടുത്തുകൊണ്ട് ജാതികൾക്കും ക്രിസ്തുവിന്റെ രാജ്യത്തിൽ ഒന്നാം-കിട ക്രിസ്ത്യാനികളാകാം എന്ന് തെളിയിച്ചു. പരിശുദ്ധാത്മസ്നാനത്താൽ വേർപിരിഞ്ഞ രണ്ടു പക്ഷങ്ങളായിരുന്ന - യെഹൂദന്മാരേയും ജാതികളെയും - ഒരേ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ സഭയിൽ ഒന്നാക്കിത്തീർക്കുക എന്ന ദൈവികമായ ഉദ്ദേശം നിറവേറ്റി (എഫെസ്യർ 2:11-16). അപ്പൊസ്തലന്മാർക്ക് മാത്രം കൊടുത്തിരുന്ന അതേ സ്നാനം ജാതികൾക്കു കൂടെ കൊടുത്തുകൊണ്ട് ദൈവം മുഖപക്ഷം കാണി

ക്കുന്നവനല്ല എന്നു തെളിയിച്ചു. ആ ഉദ്ദേശങ്ങൾ നിറവേറിയശേഷം, പിന്നെ പരിശുദ്ധാത്മസ്നാനം ആർക്കും ആവശ്യമില്ലാത്തതുകൊണ്ട്, പിന്നീട് ആർക്കും പരിശുദ്ധാത്മസ്നാനം കൊടുത്തിട്ടില്ല.

പരിശുദ്ധാത്മസ്നാനം പ്രത്യേക ഉദ്ദേശത്തിനുവേണ്ടിയായിരുന്നതു കൊണ്ട്, കുറെ പേർക്കു മാത്രമാണ് ആ സ്നാനം ലഭിച്ചത്. ഇന്ന് എല്ലാ ക്രിസ്ത്യാനികൾക്കും പരിശുദ്ധാത്മസ്നാനം ലഭിക്കുകയാണെങ്കിൽ എല്ലാവർക്കും അപ്പൊസ്തലന്മാർക്കുണ്ടായിരുന്നതുപോലെ അത്ഭുതവരങ്ങളുണ്ടായിരിക്കും. അല്ലെങ്കിൽ ജാതികളിൽനിന്നുള്ള ആദ്യപരിവർത്തിതരുടെ സംഭവത്തിലെന്നപോലെ, പ്രത്യേകമായി ദൈവം അവരെ തിരഞ്ഞെടുത്തു എന്ന് കാണിക്കുന്നതിനു വേണ്ടിയായിരിക്കണം പരിശുദ്ധാത്മസ്നാനം. പുതിയ നിയമകാലയളവിൽ ആ സാഹചര്യങ്ങൾ ആവശ്യമായിരുന്നു, എന്നാൽ ഇന്ന് എന്തുകൊണ്ട് അത്തരം സാഹചര്യങ്ങളില്ല?

എല്ലാ ക്രിസ്ത്യാനികൾക്കും പരിശുദ്ധാത്മസ്നാനം നൽകിയിട്ടില്ല, എന്നാൽ അവർക്ക് ദൈവത്തിന്റെ പ്രത്യേക ഉദ്ദേശത്തിനുള്ള സ്നാനം സൂക്ഷിച്ചിരുന്നു. ആ സ്നാനം, വിചാരിച്ചതോ, അപേക്ഷിച്ചതോ, അല്ലെങ്കിൽ മാനുഷിക പ്രയത്നത്താൽ ലഭിക്കുന്നതോ ആയിരുന്നില്ല ആ സ്നാനം. ദൈവം തന്റെ ഉദ്ദേശനിവർത്തീകരണത്തിനു പ്രത്യേകമായി ചെയ്തതാണ്. ഇന്ന് ആളുകൾ ആ സ്നാനത്തിനായി ആഗ്രഹിക്കുകയോ അപേക്ഷിക്കുകയോ പാടില്ല, കാരണം എല്ലാവർക്കുമായി വാഗ്ദാനം ചെയ്യുകയോ കല്പിക്കുകയോ ചെയ്തിട്ടില്ല. അത്തരം സ്നാനം രണ്ടു പ്രാവശ്യം (പൗലൊസിന്റെ കൂടാതെ) മാത്രമെ നടന്നിട്ടുള്ളു എന്നു തിരുവെഴുത്ത് ചൂണ്ടിക്കാണിച്ചതുകൊണ്ട് ആ സ്നാനം എല്ലാ കാലത്തേക്കോ എല്ലാവർക്കുമോ ഉള്ളതല്ല എന്നു സ്പഷ്ടം.

---

കുറിപ്പുകൾ

[1]പരിശുദ്ധാത്മാവ് ഉൾപ്പെടുന്ന രണ്ട് സ്നാനമുണ്ടെന്ന് ചിലർ വാദിക്കുന്നു: "പരിശുദ്ധാത്മാവിൽ ഉള്ള സ്നാനവും" "പരിശുദ്ധാത്മാവോടുകൂടിയ സ്നാനവും" ആ ഉപദേശം ശരിയല്ല. എൻ എന്ന ഗ്രീക്ക് വാക്കാണ് മത്തായി 3:6 ലും 3:11 ലും "കൂടെ" എന്നു തർജിമ ചെയ്തിരിക്കുന്നത്, "ൽ" എന്നതാണ് നല്ല തർജിമ, എന്നാൽ അതിനെ ശരിയായി "കൂടെ" എന്നും അല്ലെങ്കിൽ "ആൽ" എന്നും തർജിമ ചെയ്യാം. പരിശുദ്ധാത്മാവ് ഉൾപ്പെടുന്ന രണ്ട് സ്നാനം ഇല്ല. [2]പൗലൊസും പരിശുദ്ധാത്മസ്നാനം ഏറ്റു എന്ന് നാം, കരുതുന്നുണ്ട്, പക്ഷെ തീർപ്പാക്കുവാൻ തെളിവില്ല. 2 കൊരിന്ത്യർ 12:11 ലെ പൗലൊസിന്റെ "... ഞാൻ അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല ..." എന്ന പ്രസ്താവനയിൽ പരിശുദ്ധാത്മസ്നാനവും അന്തർലീനമാക്കിയിരിക്കാം. അങ്ങനെയെങ്കിൽ, വേറെ പരിശുദ്ധാത്മസ്നാനം ഏറ്റതു അവൻ മാത്രമാണ്. [3]ജി. ആർ. ബീസ്ലേ-മുറേ, *ബാപ്റ്റിസം ഇൻ ദ ന്യൂടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 108. [4]പുതിയനിയമസഭയിൽ അന്നത്തെ പോലെ ഇന്നും, സാധാരണരീതിയിൽ പരിശുദ്ധാത്മാവ് ലഭിക്കുവാൻ, ദൈവപൈതലായി തീരുകയും (ഗലാത്യർ 3:26, 27), പാപമോചനക്കിനായി സ്നാനം ഏല്ക്കുന്നതിൽകൂടെയുമാണ് (പ്രവൃത്തികൾ 2:38). [5]ഗാരേത്ത് എൽ. റീസ്, *ന്യൂടെസ്റ്റമെന്റ് ഹിസ്റ്ററി, ആക്ട്സ്* (ജോപ്ലിൻ, എംഓ.: കോളേജ് പ്രസ്, 1988), 404. [6]ഫ്രെഡറിക് ഡെയിൽ ഭോബ്രൂണർ, *എ തിയോളജി ഓഫ് ദ ഹോളി*

*സ്പിരിറ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1970), 194. [7]ഇബിഡ്., 292. [8]ഓവൻ ഡി. ആൾബ്രെറ്റ്, ബാപ്റ്റിസം: ന്യൂബെർത്ത് ഓർ എംറ്റി റിച്ചൽ? (ഡിലൈറ്റ് ആർക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., 1994), 108-9. [9]ജാക്ക് ലൂയിസ്, *ദ ഗോസ്പൽ എക്കോർഡിങ്ങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ്ങ് വേഡ് കമെന്ററി, എഡി. എവെററ്റി ഫെർഗൂസൻ (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1976), 63. [10]ആൾബ്രെറ്റ് ഒയേക്കേ, "ബാപ്റ്റോ,ബാപ്റ്റിസോ," *തിയോളജി ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്*, എഡി. ഗെർഹാർഡ് കിറ്റെൽ, ട്രാൻസ്. ജെഫ്രി ഡബ്ലിയു. ബ്രോമിലേ, വാല്യം. 1 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 539.

# പരിശുദ്ധാത്മസ്നാനവും ജലസ്നാനവും തമ്മിലുള്ള താരതമ്യം

| | പരിശുദ്ധാത്മാവിലുള്ള സ്നാനം | വെള്ളത്തിലുള്ള സ്നാനം |
|---|---|---|
| 1. | നടത്തിയത് യേശു (മത്തായി 3:11) | മനുഷ്യരാൽ നടത്തപ്പെടുന്നു (മത്തായി 28:19) |
| 2. | പിതാവിൽനിന്നു യേശുവിനാൽ പകരുകയും ആത്മാവിൽ നിമ ഞ്ജനം ചെയ്യപ്പെടുകയും ചെയ്തു (യോഹന്നാൻ 15:26; 16:7; പ്രവൃത്തികൾ 10:45) | വെള്ളത്തിൽ മുങ്ങൽ (റോമർ 6:4; കൊലൊസ്യർ 2:12) |
| 3. | യേശുവിന്റെ നാമത്തിൽ പിതാവ് അയച്ചു (യോഹന്നാൻ 14:26) | പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മനുഷ്യർ നടത്തുന്നു (മത്തായി 28:19) |
| 4. | യെരുശലേമിൽ കാത്തിരുന്നവരിലും സംശയിക്കാതിരുന്ന ജാതിക ളിലും ദൈവത്താൽ നേരിട്ടു നൽകി (പ്രവൃത്തികൾ 1:4, 5; 10:44) | വിശ്വസിക്കയും മാനസാന്തരപ്പെടുകയും ചെയ്യുന്നവർക്ക് (പ്രവൃത്തികൾ 2:38; 8:12; 18:8) |
| 5. | ഒരു വാഗ്ദാനമായി ലഭിച്ചു (പ്രവൃത്തികൾ 1:4, 5) | ഒരു കല്പനയായി അനുസരിക്കുന്നു (പ്രവൃത്തികൾ 10:48) |
| 6. | അപ്പൊസ്തലന്മാർക്ക് (പ്രവൃത്തികൾ 1:1-5) | സകല ജാതികൾക്കുമുള്ളത് (മത്തായി 28:19) |
| 7. | അപ്പൊസ്തലന്മാർക്കും (പ്രവൃത്തികൾ 1:26-2:4) ജാതികളിൽനിന്ന് ആദ്യം പരിവർത്തനം ചെയ്തവർക്കും (പ്രവൃത്തികൾ 11:15, 16) | എല്ലാ സ്ഥലത്തും വിശ്വസിക്കുന്ന എല്ലാവർക്കും (പ്രവൃത്തികൾ 2:41; 8:12, 13, 38, 39; 10:48; 18:8; 19:5) |
| 8. | യേശു പഠിപ്പിച്ചത് വെളിപ്പെടുത്തുവാനും (യോഹന്നാൻ 14:26), അവർക്ക് ശക്തി നൽകുന്നതിനും (പ്രവൃത്തികൾ 1:8), ജാതികൾക്ക് വാതിൽ തുറന്നുകൊടുക്കുന്നതിനുമായിരുന്നു (പ്രവൃത്തികൾ 10:47; 11:17; 15:7-9) | ഉദ്ദേശം പാപമോചനമായിരുന്നു (പ്രവൃത്തികൾ 2:38; 22:16; കൊലൊസ്യർ 2:12, 13) |
| 9. | ആത്മാവിൽ സ്നാനം ഏറ്റവർ അന്യഭാഷകളിൽ സംസാരിച്ചിരുന്നു (പ്രവൃത്തികൾ 2:4; 10:44-46) | വെള്ളത്തിൽ സ്നാനമേറ്റവർ സന്തോഷിച്ചു (പ്രവൃത്തികൾ 8:39; 16:33, 34) |
| 10. | അപ്പൊസ്തലന്മാർക്കുള്ള ലക്ഷണങ്ങൾ തൽഫലമായുണ്ടായി (2 കൊരിന്ത്യർ 12:12), ജാതികളെയും ദൈവം രക്ഷക്കായി തിരഞ്ഞെ ടുക്കുന്നു എന്നു വെളിപ്പെടുത്തി (പ്രവൃത്തികൾ 15:7-9) | ഫലമോ ദൈവമക്കളാകുന്നു (ഗലാത്യർ 3:26, 27) |